


എടത്തല അൽ അമീൻ കോളജ് വിമൻ സെല്ലിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'കൂട്ട്' ജെൻഡർ ക്യാംപ് ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റ് ശീതൾ ശ്യാം ഉദ്ഘാടനം ചെയ്യുന്നു. എം.ബി. ശശിധരൻ, ഡോ. എസ്. ശ്രീജ, പാർവതി രഞ്ജിത് എന്നിവർ സമീപം.

02/02/2019

# 'കൂട്ട്' ജെൻഡർ ക്യാംപ് തുടങ്ങി

മലയാള മനോരമ

എടത്തല ● അൽ അമീൻ കോളജ് വിമൻ സെല്ലിന്റെ നേതൃത്വത്തിൽ 'കൂട്ട്' ജെൻഡർ ക്യാംപ് തുടങ്ങി. ലിംഗ തുല്യതയുള്ള ജനാധിപത്യ ഇടങ്ങളെ വിദ്യാർഥികൾക്കു പരിചയപ്പെടുത്തുകയാണ് ലക്ഷ്യം.

ട്രാൻസ്ജെൻഡർ ആക്ടിവിസ്റ്റ് ശീതൾ ശ്യാം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രഫ. എം.ബി. ശശിധരൻ അധ്യക്ഷത വഹിച്ചു. കൺവീനർ ഡോ. എസ്. ശ്രീജ, പാർവതി രഞ്ജിത്, ജൂലിയ ഡേവിഡ്, ഡോ. കെ.എം. ഷീബ എന്നിവർ പ്രസംഗിച്ചു.

വനിതാ സംവിധായകരുടെ 9 സിനിമകളുടെ പ്രദർശനം, ക്യൂറേറ്റർ അർച്ചന പത്മിനിയുമായി സംവാദം എന്നിവ നടത്തി. ലിംഗ നീതിയും സിനിമയും, സ്ത്രീയും സ്വാതന്ത്ര്യവും-അതിർത്തികൾ പുനർ നിർണയിക്കപ്പെടുമ്പോൾ എന്നീ വിഷയങ്ങളിൽ ചർച്ച, ഹ്രസ്വചിത്ര നിർമാണം എന്നിവ ഇന്നു നടക്കും.

Scanned by CamScanner